പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
നം.എൻ.എം(3)/83465/12/ഡി.പി.ഐ/താ.തീ. തിരുവനന്തപുരം, തീയതി : 27.12.12

**സർക്കുലർ**

വിഷയം : പൊ.വി - സ്ക്കൂൾ ഉച്ച ഭക്ഷണ പദ്ധതി നടത്തുമ്പോൾ വൗച്ചറുകൾ പാസ്സാക്കുന്നത് - സംബന്ധിച്ച്.

സൂചന : 1) 18.10.12-ലെ പാപ്പിനിശ്ശേരി എ.ഇ.ഒ.യുടെ ഇ/3111/12 നം. കത്ത്
2) സർക്കാർ ഉത്തരവ് (സാധ)നം.2184/12/പൊ.വി. തീ: 16.06.12
3) സർക്കാർ ഉത്തരവ് (സാധ)നം.2184/12/പൊ.വി. തീ: 01.08.12

* * * *

2012-13 അദ്ധ്യയന വർഷം മുതൽ ഉച്ചഭക്ഷണ പരിപാടിയുടെ നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തി ഗുണഭോക്താക്കളായ സ്ക്കൂൾ വിദ്യാർത്ഥികൾക്ക് പ്രാദേശിക സാഹചര്യങ്ങൾകൂടി കണക്കിലെടുത്ത് പോഷകസമൃദ്ധമായ ആഹാരം നൽകുന്നതിന് കുട്ടിയൊന്നിന് ഒരു നിശ്ചിതതുക നിശ്ചയിച്ച് സൂചന (2,3) പ്രകാരം ഉത്തരവായിട്ടുണ്ട്.

പുതിയ സംവിധാനം നടപ്പിലാക്കിയപ്പോൾ കണ്ടിജന്റ് ചാർജ്ജ് എങ്ങനെ കണക്കാക്കണമെന്നും വൗച്ചറുകൾ പാസ്സാക്കുന്നതെന്നതിനെക്കുറിച്ച് ഒരു വ്യക്തതയില്ലെന്നും സംസ്ഥാനത്തിന്റെ പല ഭാഗത്തുനിന്നും പരാതികൾ ലഭിച്ചിട്ടുണ്ട്. ആയത് കണക്കിലെടുത്ത് ഈ അദ്ധ്യയന വർഷം മുതൽ നിലവിൽ വന്ന പുതിയ സംവിധാനമനുസരിച്ച് 15.06.12 വരെ കഴിഞ്ഞ വർഷം പാസ്സാക്കിയിരുന്നതുപോലെ കണ്ടിജന്റ് ചാർജ്ജ് പാസ്സാക്കി നൽകേണ്ടതും തുടർന്ന് ആഗസ്റ്റ് മാസം വരെ പ്രധാനാദ്ധ്യാപകർക്ക് യഥാർത്ഥത്തിൽ ചെലവായ തുകയെത്രയാണെന്ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ വൗച്ചറുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും പരിശോധിച്ച് കണ്ടെത്തി അത് 26.09.12-ലെ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ള നിരക്ക് അധികരിക്കാത്ത രീതിയിൽ അംഗീകരിച്ചു നൽകേണ്ടതുമാണ്. സെപ്തംബർ 2012 മുതൽ തുടർന്നുള്ള മാസങ്ങളിൽ സൂചന (3) പ്രകാരമുള്ള സർക്കാർ ഉത്തരവനുസരിച്ച് കുട്ടിയൊന്നിന് നിശ്ചയിച്ചിരിക്കുന്ന തുക കണക്കാക്കി അതിൽ കവിയാത്ത തുക പാസ്സാക്കി നൽകേണ്ടതുമാണ്.

പൊതു വിദ്യാഭ്യാസ ഡയറക്ടർ

എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും